"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് -സമാശ്വാസ തൊഴിൽദാനപദ്ധതി- ബഹു. കേരള ഹൈക്കോടതി മുമ്പാകെ ശ്രീ.എം.നവീൻകുമാർ-ഫയൽ ചെയ്ത WP(C) 21589/2026 നമ്പർ കേസിലെ 24.06.2026-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1547/2026/LSGD തീയതി,തിരുവനന്തപുരം, 17-08-2026

---

പരാമർശം:-
1. ശ്രീ.എം.നവീൻകുമാർ-ന്റെ 19.07.2024 തീയതിയിലെ അപേക്ഷ
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 21.04.2025 തീയതിയിലെ LSGD/PD/39478/2024-DEF7- നമ്പർ കത്ത്
3. സ.ഉ(അച്ചടി)നം.4/2025/പി.&എ.ആർ.ഡി തീയതി 29.03.2025.
4. എറണാകുളം ജില്ലാ കളക്ടറുടെ 06.10.2025 ലെ DCEKM/11741/2025-E5 നം. കത്ത്.
5. ശ്രീ.എം.നവീൻകുമാർ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)21589/2026 നമ്പർ കേസിലെ 24.06.2026-ലെ വിധിന്യായം

**<u>ഉത്തരവ്</u>**

ശ്രീ.എം.നവീൻകുമാർ-ടിയാന്റെ സമാശ്വാസ തൊഴിൽദാന അപേക്ഷയിൽ തുടർനടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 21589/2026-യിലെ പരാമർശം (5) വിധിന്യായത്തിൽ പെറ്റീഷണറുടെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള അപേക്ഷ പരിഗണിച്ച് വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് 6 ആഴ്ച്ചയ്ക്കുള്ളിൽ തീരുമാനമെടുക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് ഉത്തരവായിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ ശ്രീ.എം.നവീൻകുമാർ-ന്റെ സമാശ്വാസ തൊഴിൽദാന അപേക്ഷയിന്മേൽ എറണാകുളം ജില്ലാ കളക്ടറുടെ റിപ്പോർട്ട് തേടുകയും പരാമർശം (4) പ്രകാരം ലഭ്യമാക്കിയ ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കുകയും സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം ആശ്രിതനിയമനം നൽകുന്നത് സംബന്ധിച്ച പരാമർശം (3) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം വിവരങ്ങൾ പ്രൊഫോർമ-ബി-യിൽ രേഖപ്പെടുത്തി പൊതുഭരണ(സർവ്വീസസ്-ഡി) വകുപ്പിന് നൽകുകയും ചെയ്തിട്ടുള്ളതാണ്. സമാശ്വാസ തൊഴിൽദാനപദ്ധതിക്കായി നീക്കിവച്ചിട്ടുള്ള നിശ്ചിതശതമാനം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി പ്രകാരം പരാമർശം (3) ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി ടിയാന് നിയമനം ലഭിക്കുന്നതാണ്.

3. ബഹു.ഹൈക്കോടതിയുടെ 24.06.2026-ലെ WP(C)21589/2026-മേലുള്ള വിധിന്യായം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
ശ്രീ.എം. നവീൻകുമാർ(ഹൗസ് നം.26/796,രാമേശ്വരം കോളനി, നസ്രേത്ത്, മട്ടാഞ്ചേരി ,എറണാകുളം 682002)
പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
പൊതുഭരണ(സർവ്വീസസ്-ഡി) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Digitally signed by
Sonu Jacob
Date: 18-08-2026
10:46:25
സെക്ഷൻ ഓഫീസർ